# പതിനൊന്നാം കേരള നിയമസഭ
## നാലാം സമ്മേളനം
2002 ജൂൺ 27-ാം തീയതി വ്യാഴാഴ്ച
(ആകെ ചോദ്യങ്ങൾ - 28)


**(227) ബയോടെക്നോളജി രംഗത്ത് നടപ്പിലാക്കിയ നൂതന പദ്ധതികൾ**
**(228) വ്യവസായ മേഖലയിലെ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ**
**(229) ഖനനനയം രൂപീകരിക്കാൻ നടപടി**
**(230) കെ. എസ്. ആർ. ടി. സി. യിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി**
**(231) സഹകരണ റിക്രൂട്ട്മെന്റ് ബോർഡിന്റെ ഘടനയും പ്രവർത്തനങ്ങളും**
**(232) ധാതുസമ്പത്തിന്റെയും പെട്രോളിന്റെയും ലഭ്യത സംബന്ധിച്ച പഠനം**
**(233) ദീർഘദൂര റൂട്ടുകളിൽ സമാന്തര സർവ്വീസ്**
**(234) റൂട്ട് നാഷണലൈസേഷൻ**
**(235) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം സുതാര്യമാക്കാൻ നടപടി**
**(236) സഹകരണ നിക്ഷേപ സമാഹരണം**
**(237) ഐ.ടി. സാക്ഷരത സാർവ്വത്രികമാക്കാൻ നടപടി**
**(238) തൊഴിൽദാന പദ്ധതി**
**(239) മാരിടൈം അക്കാഡമി ആരംഭിക്കുവാൻ നടപടി**
**(240) ജില്ലാ സഹകരണ ബാങ്കിന്റെ അഡ്മിനിസ്ട്രേറ്റർമാർക്ക് അംഗങ്ങളെ ചേർക്കാൻ ഉള്ള അധികാരം**
**(241) ജില്ലാസഹകരണ ബാങ്കുകളിലേക്ക് പുതിയ ഭരണ സമിതിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി**
**(242) അഗതികളുടെ പുനരധിവാസത്തിനായി പദ്ധതികൾ**
**(243) സഹകരണസംഘങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള നിയമന നിയന്ത്രണം**
**(244) തയ്യൽ തൊഴിലാളി ക്ഷേമത്തിനായുള്ള പ്രവർത്തനം**
**(245) കെട്ടിക്കിടക്കുന്ന കൈത്തറി ഉൽപ്പന്നങ്ങൾ**
**(246) അമിത ചാർജ് ഈടാക്കുന്നത് നിയന്ത്രിക്കുന്നതിന് നടപടി**
**(247) ഡ്രൈവിംഗ് ലൈസൻസ്**
**(248) സംസ്ഥാന സഹകരണ അക്കാഡമിയുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രൊഫഷണൽ കോളേജുകൾ**
**(249) സഹകരണ സംഘങ്ങളുടെ പ്രവർത്തന പരിധി സംബന്ധിച്ച നിയമ വ്യവസ്ഥകൾ**
**(250) ജലഗതാഗതവകുപ്പിന്റെ പ്രവർത്തനം നവീകരിക്കാൻ പദ്ധതികൾ**
**(251) മിനറൽ കോംപ്ളക്സ് സ്ഥാപിക്കാനുള്ള നടപടി**
**(252) ബാലവേല അവസാനിപ്പിക്കുവാൻ നടപടി**
**(253) സഹകരണ മേഖലയിൽ ആശുപത്രികൾ തുടങ്ങുന്നതിന് സഹായം ലഭ്യമാക്കാൻ നടപടി**
**(254) തെങ്ങ്-മരം കയറ്റത്തൊഴിലാളികളെ ഇൻഷ്വർ ചെയ്യുവാനുള്ള പദ്ധതി**


### ബയോടെക്നോളജി രംഗത്ത് നടപ്പിലാക്കിയ നൂതന പദ്ധതികൾ

227. ശ്രീ. പി. സി. ജോർജ് :
ഡോക്ടർ തോമസ് ഐസക് :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബയോടെക്നോളജിയും ബയോഇൻഫർമാറ്റിക്സും വികസിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ രംഗത്ത് സംസ്ഥാനത്ത് നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളെയും ലഭ്യമായ സാദ്ധ്യതകളെയും കുറിച്ച് വിശദമാക്കാമോ;

(സി) 2002-2003 ബഡ്ജറ്റിൽ ഇതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്താക്കുമോ;

(ഡി) ബയോടെക്നോളജി വികസനവുമായി ബന്ധപ്പെട്ട്, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്ന് വിശദമാക്കുമോ?

**ഉത്തരം**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) :-**

(എ) സംസ്ഥാനത്ത് ബയോടെക്നോളജിയും ബയോഇൻഫർമാറ്റിക്സും അധിഷ്ഠിതവ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ ബയോടെക്നോളജി പാർക്കുകൾ തിരുവനന്തപുരത്തും എറണാകുളത്തും സ്ഥാപിക്കുന്നതിന് കേരളാ ഇന്റസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന് (കിൻഫ്ര) ഉദ്ദേശമുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്ത് ഈ മേഖലയുടെ വികസനത്തിനായുള്ള കർമ്മ പദ്ധതി തയ്യറാക്കുന്നതിന് ബയോടെക്നോളജി കൺസോർഷ്യം ഓഫ് ഇന്ത്യാ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പരീക്ഷണാടിസ്ഥാനത്തിലുള്ള പദ്ധതികൾ വാണിജ്യവൽക്കരിക്കുന്നതിന് സ്വകാര്യ സംരംഭകർക്ക് വേണ്ട പ്രോത്സാഹനവും ഈ പാർക്കുകളിൽ ചെയ്തു കൊടുക്കുന്നതാണ്.

(ബി) ജീവജാലങ്ങളുടെയും, സസ്യജാലങ്ങളുടെയും പ്രകൃതിദത്തമായ ബയോ-റിസോഴ്സിന്റെയും ലഭ്യത, കൃഷി ഹോർട്ടികൾച്ചർ, ഫ്ളോറികൾച്ചർ, ഔഷധ ഉത്പാദനം എന്നിവയ്ക്ക് ഉതകുന്ന സസ്യജാലങ്ങളുടെ കൃഷിക്കും പരിപാലനത്തിനും അനുയോജ്യമായ കാലാവസ്ഥ, കൃഷി, ഔഷധം, ജൈവസാങ്കേതിക വിദ്യ എന്നിവയിൽ ഉന്നത പരിശീലനം നേടിയ വൈഭവശാലികളായ മാനവശേഷിയുടെ ലഭ്യത, ജൈവസാങ്കേതിക വിദ്യയിൽ തുടർന്നുവരുന്ന ഗവേഷണ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം കേരളത്തിന്റെ തനതായ ജൈവ കലവറയുടെ സാന്നിദ്ധ്യം, ജൈവ സാങ്കേതിക വിദ്യക്ക് അനുയോജ്യമായ കേരളത്തിലെ കാലാവസ്ഥ എന്നിവ ജൈവ സാങ്കേതിക വ്യവസായങ്ങൾക്ക് വലിയ സാധ്യതയാണ് ഒരുക്കുന്നത്.

(സി) വ്യവസായ വകുപ്പിന് 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) സർക്കാർ 2001-ലെ വ്യവസായ നയത്തിൽ ബയോടെക്നോളജിയെ മുൻഗണനാ വ്യവസായമായി പ്രഖ്യാപിച്ചിട്ടുമുണ്ട്. ബയോടെക്നോളജി കൺസോർഷ്യം ഓഫ് ഇന്ത്യാ ലിമിറ്റഡുമായി ബന്ധപ്പെട്ട് ഈ മേഖലയിൽ ഒരുകർമ്മപദ്ധതിക്ക് രൂപം കൊടുക്കാൻ നടപടി എടുത്തിട്ടുണ്ട്.

കുടാതെ, കിൻഫ്രായുടെ കീഴിൽ തിരുവനന്തപുരത്തും കൊച്ചിയിലും ഓരോ ബയോടെക്നോളജി പാർക്കുകൾ തുടങ്ങുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. കേരളത്തിലെ ബയോടെക്നോളജിയിലുള്ള വികസനത്തിന് വേണ്ടി ''ടീം ബയോ കൺവേർജൻസ്'' എന്ന പേരിൽ ബയോടെക് എക്സ്പോർട്ട്സ് ഉൾപ്പെട്ടിട്ടുള്ള ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുമുണ്ട്. കേരളത്തിൽ ബയോടെക്നോളജി വ്യവസായരംഗത്ത് നിക്ഷേപം സമാഹരിക്കുന്നതിനുവേണ്ടി വൻകിട ബയോടെക്നോളജി കമ്പനികളുമായി ചർച്ചകളും നടന്നുവരുന്നു.

## വ്യവസായ മേഖലയിലെ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ

228. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാനസൗകര്യ വികസന പദ്ധതികളിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തിന് പ്രത്യേക പരിഗണന നൽകാൻ സർക്കാർ തീരുമാനിച്ചിട്ടണ്ടോ;

(ബി) വ്യവസായമേഖലയിൽ ഏതെല്ലാം അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്കാണ് സർക്കാർ രൂപം നൽകിയിട്ടുള്ളത്;

(സി) ഈ പദ്ധതികളിൽ സ്വകാര്യമേഖലയുടെ താൽപര്യങ്ങൾക്കാണോ പൊതുമേഖലയുടെ താൽപര്യങ്ങൾക്കാണോ മുൻഗണനയുണ്ടാവുക;

(ഡി) പൊതുമേഖലാ താൽപര്യങ്ങൾക്ക് മുൻഗണന നൽകികൊണ്ട് സ്വകാര്യപങ്കാളിത്തം വർദ്ധിപ്പിക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

റോഡുകൾ, പാലങ്ങൾ, ചെറുകിട തുറമുഖങ്ങൾ, ചെറുകിട ജലവൈദ്യുത പദ്ധതികൾ, വ്യവസായ പാർക്കുകൾ, മാർക്കറ്റുകൾ, ആശുപത്രികൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ, ഹോട്ടലുകൾ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളുടെ വികസനത്തിന് ആവശ്യമായിവരുന്ന ഭാരിച്ച മൂലധനച്ചെലവ് സംസ്ഥാനത്തിന്റെ പരിമിതമായ ബഡ്ജറ്റ് വിഭവങ്ങളിൽ നിന്നും ലഭ്യമാകുന്നില്ല. ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് അധിക വിഭവങ്ങൾ സർക്കാതിരമാർഗ്ഗങ്ങളിലൂടെ കണ്ടെത്തേണ്ടത് അനിവാര്യമായതിനാൽ അടിസ്ഥാന സൗകര്യ വികസനപദ്ധതികളിൽ സ്വകാര്യമേഖലയുടെ പങ്കാളിത്തത്തിന് പ്രോത്സാഹനം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നു.

ഇതിന് ആവശ്യമായ ഒരു നിയമം കൊണ്ടുവരുന്നതിന് വേണ്ടി സർക്കാർ 2001–ൽ 'കേരള അടിസ്ഥാന സൗകര്യ വികസന ബിൽ' നിയമസഭയിൽ അവതരിപ്പിക്കുകയുണ്ടായി.

(ബി) വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യ വികസന വളർച്ചയ്ക്ക് സംസ്ഥാന വ്യവസായ വകുപ്പിനുപുറമേ കേരള ഇൻസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനും (കിൻഫ്ര) പങ്കുവഹിക്കുന്നു. കിൻഫ്ര നടപ്പാക്കിയതും നടപ്പിലാക്കാനുദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി)യും (ഡി)യും. പൊതുമേഖലയിൽ സാമ്പത്തിക പരാധീനതകൊണ്ട് നടപ്പിലാക്കാൻ സാധിക്കാത്ത അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ സ്വകാര്യമേഖലയുടെ പങ്കാളിത്തം ആകർഷിക്കുന്ന രീതിയായിരിക്കും സർക്കാർ അവലംബിക്കുക.

സ്വകാര്യമേഖലയെ ആശ്രയിച്ചാണ് ആദ്യം വിവരിച്ച പദ്ധതികളുടെ പൂർത്തീകരണം ഉദ്ദേശിക്കുന്നതെങ്കിലും, ദീർഘകാല അടിസ്ഥാനത്തിൽ ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക വർച്ചയ്ക്ക് ആക്കംകൂട്ടുക വഴി പൊതുമേഖലയുടെ താൽപര്യങ്ങൾ സംരക്ഷിക്കുവാൻ ഉതകും എന്നാണ് പ്രതീക്ഷ.

## <u>ഖനനനയം രൂപീകരിക്കാൻ നടപടി</u>

229. ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് ഖനനനയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡം വെളിപ്പെടുത്തുമോ;

(സി) കരിമണൽ ഖനനത്തിായി സ്വകാര്യമേഖലയ്ക്ക് ലൈസൻസ് നൽകാൻ ഉദ്ദേശിക്കുന്നണ്ടോ;

(ഡി) ഉണ്ടെങ്കിൽ അപ്രകാരം ലൈസൻസ് നൽകുന്നതിനായുള്ള യോഗ്യതകൾ വിശദീകരിക്കാമോ;

(ഇ) സംസ്ഥാന സർക്കാർ ഖനനനയം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് സ്വകാര്യവ്യക്തികളുമായോ കമ്പനികളുമായോ ചർച്ച നടത്തിയിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) പ്രതിരോധ വകുപ്പിന്റെ മുൻകൂർ അനുവാദം വാങ്ങേണ്ട ന്യൂക്ലിയർ ആയുധങ്ങൽ ഉണ്ടാകുവാൻ ആവശ്യമായ മൂലകങ്ങൾ അടങ്ങിയ കരിമണൽ ഖനനം ധനകാര്യ ഏജൻസികൾക്ക് നൽകുന്നതിനു മുൻപായി കേന്ദ്ര പ്രതിരോധമന്ത്രാലയത്തിന്റെ അനുമതി ലഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

**<u>ഉത്തരം</u>**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) :-**

(എ) പരിഗണനയിലാണ്

(ബി) ഇതുസംബന്ധിച്ച് വിവിധ തലങ്ങളിൽ ചർച്ച നടന്നുവരികയാണ്.

(സി) ഇതുസംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതിക്ക് വിധേയമായി മാത്രമേ കരിമണൽ ഖനനത്തിന് അനുവാദം നൽകാൻ വ്യവസ്ഥയുള്ളു.

## കെ. എസ്. ആർ. ടി. സി. യിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി

230. ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്. ആർ. ടി. സി. യിൽ നിന്ന് പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പരാതികളിൻമേൽ അിയന്തിര നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ;

(സി) പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. കെ. ബി. ഗണേഷ് കുമാർ (ഗതാഗത വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

(ബി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടേയും ഹൈകോടതിയുടെയും ഉത്തരവുകൾക്ക് വിധേയമായി അടിയന്തിര നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നു.

(സി) സാാംപത്തിക ബുദ്ധിമുട്ടു കാരണമാണ് പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം നൽകാൻ കഴിയാത്തത്.

## സഹകരണ റിക്രൂട്ട്മെന്റ് ബോർഡിന്റെ ഘടനയും പ്രവർത്തനങ്ങളും

231. ശ്രീ. പി. കെ. അബ്ദുറബ്ബ് :

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. ടി. പി. എം. സാഹിർ :

ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ റിക്രൂട്ട്മെന്റ് ബോർഡിന്റെ ഘടനയും പ്രവർത്തനങ്ങളും എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങളിലെ എല്ലാ തസ്തികകളിലേക്കുമുള്ള നിയമനങ്ങൾ പ്രസ്തുത റിക്രൂട്ട്മെന്റ് ബോർഡ് വഴിയാണോ നടത്തപ്പെടുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇത്തരം സംഘങ്ങളിലെ എല്ലാ തസ്തികകളിലേക്കും ബോർഡ് മുഖാന്തിരം മാത്രം നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) ബോർഡ് വഴിയള്ള നിയമങ്ങളൽ മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് സാമുദായിക സംവരണം നൽകുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. എ. വി. രാഘവൻ (സഹകരണ വകുപ്പുമന്ത്രി) :-**

(എ) സഹകരണ റിക്രൂട്ട്മെന്റ് ബോർഡ് നിലവിലില്ല. എന്നാൽ സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡ് നിലവിലുണ്ട്. എക്സാമിനേഷൻ ബോർഡിൽ 3 അംഗങ്ങളാണുള്ളത്. മൂന്നംഗങ്ങളിൽ ഒരാൾ ചെയർമാനും, ഒരാൾ മെംപർ സെക്രട്ടറിയുമായിരിക്കും. മെംപർ സെക്രട്ടറി സഹകരണ വകുപ്പിലെ ജോയിന്റ് രജിസ്ട്രാറിൽ കുറയാത്ത റാങ്കിലുള്ള ഉദ്യോഗസ്ഥനായിരിക്കും. പ്രൈമറി ക്രെഡിറ്റ് സൊസൈറ്റി, അർബൻ സഹകരണ ബാങ്ക്, പ്രൈമറി അഗ്രിക്കൾച്ചറൽ ആന്റ് റൂറൽ ഡവലപ്മെന്റ് ബാങ്ക് എന്നിവയിലെ ക്ളാർക്ക് തസ്തിക മുതൽ മുകളിലോട്ട് നേരിട്ട് നിയമനം നടത്തേണ്ടതായ തസ്തികകളിലേയ്ക്ക് എക്സാമിനേഷൻ ബോർഡു വഴിയാണ് നിയമനം നടത്തുന്നത്. നിയമനം നടത്തേണ്ടതായ തസ്തികകളിലേയ്ക്ക് പത്രപരസ്യം നടത്തി ലഭിക്കുന്ന ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് സംഘങ്ങൾ എക്സാമിനേഷൻ ബോർഡിനെ ഏൽപിക്കുകയും, ബോർഡ് എഴുത്തു പരീക്ഷ നടത്തുകയും ചെയ്യുന്നു. എഴുത്തു പരീക്ഷയിൽ 30% –ൽ അധികം മാർക്ക് വാങ്ങിയവരുടെ ലിസ്റ്റ് ബോർഡ് സംഘത്തിനു നൽകുകയും, സംഘം ഇന്റർവ്യു നടത്തി അതിന്റെ മാർക്ക് ലിസ്റ്റ് എക്സാമിനേഷൻ ബോർഡിനെ ഏൽപ്പിക്കുകയും എഴുത്തു പരീക്ഷയുടെയും,

ഇന്റർവ്യൂവിന്റെയും മാർക്കിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് എക്സമിനേഷൻ ബോർഡ് പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നു.

(ബി) എല്ലാ തസ്തികകളിലേക്കുമുള്ള നിയമനങ്ങൾ എക്സാമിനേഷൻ ബോർഡുവഴിയല്ല നടത്തുന്നത്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഇല്ല.

(ഇ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**<u>ധാതുസമ്പത്തിന്റെയും പെട്രോളിന്റെയും ലഭ്യത സംബന്ധിച്ച പഠനം</u>**

232. ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മൊയിൻ കുട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ധാതു സമ്പത്തിന്റെ ചൂഷണത്തിനായി വിദേശ കമ്പനികളുടെ സഹായം തേടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് പെട്രോളിന്റെ ലഭ്യതയെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയതാരാണ്;

(സി) പരിചയസമ്പന്നരായ വിദേശ കമ്പനികളുടെ പ്രവർത്തനവും ഉപദേശവും ഇതിനായി അഭ്യർത്ഥിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അവരുടെ സഹകരണം ലഭിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) :-**

(എ) ഇപ്പോൾ ഇല്ല.

(ബി) സംസ്ഥാനത്തിന്റെ തീരപ്രദേശത്ത് പെട്രോളിയം പദാർത്ഥങ്ങളുടെ ലഭ്യതയെക്കുറിച്ച് കേന്ദ്ര സർക്കാർ സ്ഥാപനമായ ഒ.എൻ.ജി.സി. പഠനങ്ങൾ നടത്തിയിട്ടുണ്ട്.

(സി)&(ഡി) ഇത് കേന്ദ്ര സർക്കാരിന്റെ അധികാരപരിധിയിൽപ്പെടുന്ന വിഷയമാണ്.

**<u>ദീർഘദൂര റൂട്ടുകളിൽ സമാന്തര സർവ്വീസ്</u>**

233. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘൂര റൂട്ടുകളിൽ ഓടുന്ന കെ. എസ്. ആർ. ടി. സി. ബസ്സുകൾ സമാന്തരമായി പെർമിറ്റില്ലാതെ സ്വകാര്യ വാഹനങ്ങൾ സർവ്വീസ് നടത്തുന്നുണ്ടോ;

(ബി) ഇത് തടയാൻ നിയമ തടസ്സമുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത്തരം സമാന്തര സർവ്വീസ് നടത്തുന്നവരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചു?

**<u>ഉത്തരം</u>**

**ശ്രീ. കെ. ബി. ഗണേഷ് കുമാർ (ഗതാഗത വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) സമാന്തര സർവ്വീസ് നടത്തുന്ന വാഹനങ്ങൽ പിടിച്ചെടുക്കുകയും, പിഴ ഈടാക്കുകയും ചെയ്തു വരുന്നു. കൂടാതെ ഇത്തരം വാഹനങ്ങൾക്കെതിരെ കർശനമായ നടപടി എടുക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**<u>റൂട്ട് നാഷണലൈസേഷൻ</u>**

234. ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എൻ. ഡി. അപ്പച്ചൻ :

ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. കെ. മണി:
ശ്രീ. കെ. മോഹൻ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം പുതിയ റൂട്ടുകൾ നാഷണലൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നു;

(ബി) ഏതെങ്കിലും റൂട്ടുകൾ ഡീനാഷണലൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നാഷണലൈസ് ചെയ്ത റൂട്ടുകളിൽ ജനങ്ങളുടെ യാത്രാ ക്ലേശം പരിഹരിക്കുന്നതിനായി കൂടുതൽ ബസ്സുളോടിക്കാൻ പദ്ധതിയുണ്ടോ;

(ഡി) നാഷണലൈസ്ഡ് റൂട്ടുകളിൽ ഓവർലാപ്പിംഗ് അനുവദിക്കുമോ;

(ഇ) ഓവർലാപ്പിംഗ് അനുവദിക്കുന്ന കാര്യത്തിൽ ദൂരത്തെ സംബന്ധിച്ച് എന്തെങ്കിലും പരിധിയുണ്ടോ?

**ഉത്തരം**

**ശ്രീ. കെ. ബി. ഗണേഷ് കുമാർ (ഗതാഗത വകുപ്പുമന്ത്രി) :-**

(എ) എറണാകുളം-ഗുരുവായൂർ (വാരപ്പുഴ വഴി) എറണാകുളം-നോർത്ത് പരവൂർ (വരാപ്പുഴ വഴി) എന്നീ റൂട്ടുകൾ ദേശസാൽക്കരിക്കാൻ നടപടികൾ കൈക്കൊണ്ടു വരുന്നു. ഇതി സംബന്ധിച്ചുള്ള പ്രാരംഭ നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി ആന്റ് ഇ) നാഷണലൈസേഷൻ സ്കീമുകളുടെ നിബന്ധനക്ക് വിധേയമായി അനുവദിക്കാവുന്നതാണ്.

## എംപ്ലോയ്മെന്റ് എക്സ്ചചേഞ്ചുകളുടെ പ്രവർത്തനം സുതാര്യമാക്കാൻ നടപടി

235. ശ്രീ. യു. സി. രാമൻ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ, ഒരിക്കൽ താൽക്കാലിക നിയമനം ലഭിച്ചവർക്ക് തന്നെ വീണ്ടും അവസരം നൽകുകയും മറ്റ് ചിലർക്ക് ഒരിക്കൽപ്പോലും അവസരം ലഭ്യമാക്കാതെ പ്രായപരിധി കഴിഞ്ഞ് പോവുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) താൽക്കാലിക നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചെഞ്ചുകൾ വഴി ഉദ്യോഗാർത്ഥികളെ ശുപാർശ ചെയ്യുമ്പോൾ ഒരിക്കൽപ്പോലും അവസരം ലഭിക്കാത്തവർക്ക് മുൻഗണന നൽകി അവസര സമത്വം നില നിർത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

(ബി) എംപ്ലോയിമെന്റ് എക്സ്ചേഞ്ചുവഴി മൂന്ന് മാസമോ 90 ദിവസമോ താൽകാലിക നിയമനം ലഭിച്ചവർ കാലാവധി പൂർത്തിയാക്കി വിടുതൽ സർട്ടിഫിക്കറ്റ് 90 ദിവസത്തിനകം എംപ്ലോയ്മെന്റ് എക്സചേഞ്ചിൽ ചേർത്താൽ അവരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നു. 90 ദിവസം കഴിഞ്ഞ് വിടുതൽ സർട്ടിഫിക്കറ്റ് ചേർത്താൽ സിനിയോറിറ്റി നഷ്ടപ്പെടുമെങ്കിലും ഇവരെ മുൻഗണനാ വിഭാഗത്തിൽപ്പെടുത്തുന്നതാണ്. ഇവർ ഡിസ്ചാർജ്ഡ് ഗവ. എംപ്ലോയി (സ്റ്റേറ്റ്) എന്നു അറിയപ്പെടുന്നു. സ്റ്റേറ്റ് ഗവ. സ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്തിൽ നിന്നും അറിക്കപ്പെടുന്ന വേക്കൻസികളിൽ 50% മുൻഗണനാ വിഭാഗത്തിനും (പ്രയോറിട്ടി) 50% മുൻഗണനയില്ലാത്തവർക്കും (നോൺ പ്രയോറിട്ടി) റിസർവു ചെയ്തിട്ടുള്ളവർക്കുമാണ്. (പഞ്ചായത്തിലെ കണ്ടിൻജന്റ് പോസ്റ്റുകൾ സ്റ്റേറ്റ് ഗവ. വേക്കൻസിയല്ല.). സൈനിക സേവനം കഴിഞ്ഞ് പിരിഞ്ഞവർ, വികലാംഗർ, വിധവകൾ, വിവാഹമോചനം നേടിയവർ, മിശ്രവിവാഹിതരും അവരുടെ മക്കളും, പൂവർഹോമിലെ അന്തേവാസികളും മുൻ അന്തെവാസികളും, ഡിസ്ചാർജഡ് ഗവ. എംപ്ലോയി (സ്റ്റേറ്റ്) വിഭാഗത്തിൽപെടുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരിൽ മുൻപറഞ്ഞ പ്രയോറിട്ടി വിഭാഗത്തിൽപ്പെടുന്നവർ മറ്റുള്ളവരെ അപേക്ഷിച്ചു വളരെ കുറവാണ്. 50% വേക്കൻസികൾ ഇവർക്കുവേണ്ടി നീക്കിവച്ചിട്ടുള്ളതിനാൽ ജോലി

കിട്ടിയവർ ഉൾപ്പെടെയുള്ള വരെ വീണ്ടും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും തൊഴിലിനുവേണ്ടി നാമനിർദ്ദേശം ചെയ്യപ്പെടാൻ അർഹരാണ്. മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയിലെ നിയമനങ്ങൾക്കും പഞ്ചായത്തുകളിലെ കണ്ടിൻജന്റ് എസ്റ്റാബ്ലിഷ്മെന്റിൽ വരുന്ന തസ്തികകളിലെ നിയമനങ്ങൾക്കും മുൻഗണന നൽകുന്നില്ല.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഇന്നു നിലവിലുള്ള നിയമമനുസരിച്ച് ഒരു ഉദ്യോഗാർത്ഥിക്ക് ഒരേ സമയം മൂന്നുതരം വേക്കൻസിക്ക് നാമനിർദ്ദേശം ചെയ്യപ്പെടാം. (1) താല്ക്കാലിക ഒഴിവ് (2) സ്ഥിരം ഒഴിവ് (3) പാർട്ട്-ടൈം ഒഴിവ്. രണ്ട് നാമനിർദ്ദേശങ്ങൾ തമ്മിൽ ഒരു വർഷത്തെ ഇടവേള ആവശ്യമുണ്ട്. ഇതെ രീതിയിൽ ഒരു സ്ഥിരം വേക്കൻസിയും വേറൊരു സ്ഥിരം വേക്കൻസിയുമായും ഇപ്രകാരം ഇടവേള ഉണ്ടായിരിക്കേണ്ടതാണ്. പാർട്ട്-ടൈം വേക്കൻസിക്കും ഈ ഇടവേള ആവശ്യമുണ്ട്. ഇപ്രകാരം നിലവിലുള്ള നിയമപ്രകാരമുള്ള മാനദണ്ഡങ്ങൾ കണക്കിലെടുക്കുമ്പോൾ അർഹത നേടാതെ വരുന്ന ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നത് പ്രയോഗികമല്ല.

## സഹകരണ നിക്ഷേപ സമാഹരണം

236. ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ഡി. സുഗതൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തെ സഹകരണ നിക്ഷേപ സമാഹരണം എന്നുമുതൽ എന്നുവരെ നടത്തപ്പെട്ടു എന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാലത്ത് എന്തു തുക സമാഹരിക്കുവാൻ കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ വർഷം നിക്ഷേപ സമാഹരണക്കാലത്ത് എന്തു തുക സമാഹരിച്ചിരുന്നു;

(ഡി) ഈ വർഷം സഹകരണ നിക്ഷേപ സമാഹരത്തിൽ എന്തു തുക കൂടുകയോ കുറയുകയോ ചെയ്തു;

(ഇ) കുറവുണ്ടായെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്നു വിശദീകരിക്കുമോ?

**ഉത്തരം**

**ശ്രീ. എ. വി. രാഘവൻ (സഹകരണ വകുപ്പുമന്ത്രി) :-**

(എ) 2002 മാർച്ച് 1 മുതൽ 2002 ഏപ്രിൽ 15 വരെ

(ബി) 85.20 കോടി രൂപ

(സി) 1026.86 കോടി രൂപ

(ഡി) 173.66 കോടി രൂപയുടെ കുറവ്

(ഇ) കാർഷികോൽപന്നങ്ങളുടെ വിലയിടവും ജീർത്ത ചെലവിലുണ്ടായ വർദ്ധനവും കാരണമാണ് നിക്ഷേപ സമാഹരണത്തിൽ കുറവുണ്ടായതെന്ന് അനുമാനിക്കുന്നു.

## ഐ.ടി. സാക്ഷരത സാർവ്വത്രികമാക്കാൻ നടപടി

237. ശ്രീ. പി.കെ.കെ. ബാവ:
ശ്രീ. സി.ടി അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ഇൻഫമേഷൻ ടെക്നോളജി സംബന്ധിച്ച അറിവ് സാർവ്വത്രികമാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് ഐ.ടി. സാക്ഷരത കൈവരിക്കാൻ എടുത്ത നടപടികൾ വിശദീകരിക്കാമോ;

(സി) കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതാ സഹകരണ സംഘടനകൾക്കും രജിസ്റ്റേർഡ് സംഘടനകൾക്കും കമ്പ്യൂട്ടർ വാങ്ങുന്നതിനും പഠിക്കുന്ന പെൺകുട്ടികൾക്ക് ഫീസ് സൗജന്യത്തിനും ഗ്രാന്റ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) ഐ.ടി.യുടെ പ്രയോജനം എല്ലാ മേഖലകളിലും എത്തിക്കുക എന്ന നയത്തിന്റെ ഭാഗമായി ഗ്രാമപ്രദേശങ്ങളുൾപ്പെടെ ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജിയുടെ വ്യാപനവും ഉപയോഗവും പ്രോൽസാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

(1) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഐ.ടി. കോഴ്സുകൾ ആരംഭിച്ചു. ഇപ്പോൾ 26 എൻജിനിയറിംഗ് കോളേജുകളിലും ഒരു പോളിടെക്നിക്കിലും ഐ.ടി. കോഴ്സ് ഉണ്ട്. ഐ.ടി. സാക്ഷരത സംബന്ധിച്ച പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേക്കായി ഈ-ഗവർണൻസ് മുഖേന പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു.

(2) സംസ്ഥാന സർക്കാർ എഡ്യൂക്കേഷൻ ഗ്രിഡ് പ്രോജക്ട് നടപ്പിലാക്കി വരുന്നു. പ്രസ്തുത പ്രോജക്ട് വഴി ഉന്നത വിദ്യാഭ്യാസ രംഗത്തെ കോളേജുകളിലേയും സ്ഥാപനങ്ങളിലേയും അദ്ധ്യാപകർക്ക് ഇ-ലേണിംഗ് പ്ലാറ്റ്ഫോമുകളുടേയും ഡിജിറ്റൽ ലൈബ്രറി സർവ്വീസുകളുടേയും സഹായത്തോടെ റഗുലർ കോഴ്സുകൾക്ക് ഐ.ടി. സഹായ വിദ്യാഭ്യാസത്തിന്റെ ഉപയോഗത്തിനുള്ള ഉയർന്ന പരിശീലനവും ഓറിയന്റേഷനും ലഭിക്കുന്നു.

(3) സ്കൂളുകളിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം നടപ്പാക്കുന്നതിന്റെ ഭാഗമായി ഐ.ടി. @ സ്കൂൾ എന്ന പദ്ധതി നടപ്പാക്കി വരുന്നു. അദ്ധ്യാപകരെ ഐ.ടി. സാക്ഷരർ ആക്കുവാൻ വേണ്ടിയുള്ള പരിശീലന പരിപാടിയുടെ ഭാഗമായി മാസ്ററർ ട്രെയിനർമാരുടെ പരിശീലനം നടന്നുവരുന്നു. സ്കൂളുകളിൽ കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടി എന്ന നിലയിൽ ജില്ലാ തലത്തിൽ ഹെഡ്മാസ്റ്റർമാരുടെയും, പി.ടി.ഐ. പ്രസിഡൻറുമാരുടേയും, സ്കൂൾ മാനേജർമാരുടേയും നേതൃത്വത്തിൽ ഗവൺമെന്റ് സഹായം ഉപയോഗിച്ചും, അല്ലാതെയും കമ്പ്യൂട്ടർ ലാബുകൾ സജ്ജീകരിക്കാൻ നടപടി എടുത്തു കഴിഞ്ഞു. ഇതുമൂലം പ്രതിവർഷം 19 ലക്ഷം ഹൈസ്കൂൾ വിദ്യാർത്ഥികളേയും 60,000ൽപരം അദ്ധ്യാപകരേയും ഐ.ടി. സാക്ഷരരാക്കുകയെന്നതാണ് ലക്ഷ്യം.

(4) കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതിയുടെ പൈലറ്റ് പ്രോജക്ടായി മലപ്പുറം ജില്ലാ പഞ്ചായത്തും കേരള ഐ.ടി. മിഷനും ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കമ്പ്യൂട്ടർ പരിശീലന സ്ഥാപനങ്ങളുടേയും സഹകരണത്തോടെ കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതി ആരംഭിക്കുന്നതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## തൊഴിൽദാന പദ്ധതി

238. ശ്രീ. ടി.യു. രാധാകൃഷ്ണൻ:
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. എം.എ. ചന്ദ്രശേഖരൻ:
ശ്രീ. വർക്കല കഹാർ: : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) തൊഴിൽ മേഖലയിൽ ആയിരംകോടി രൂപ നിക്ഷേപിച്ചുകൊണ്ട് തൊഴിൽ നൽകുവാനുള്ള പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ എന്തു തുക ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്;

(സി) ബാക്കി തുക എപ്രകാരമാണ് കണ്ടെത്തുന്നത്;

(ഡി) ബാങ്കുകൾ മുഖേന പ്രസ്തുത പദ്ധതിക്കുള്ള പണം കണ്ടെത്തുന്നതിന് എന്തെങ്കിലും ശ്രമം ആരംഭിച്ചിട്ടുണ്ടോ;

(ഇ) ഇതിനുവേണ്ടി ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ടോ;

(എഫ്) അതിൽനിന്ന് ഒരു നോഡൽ ഏജൻസിയെ കണ്ടെത്തിയിട്ടുണ്ടോ എന്ന് വിശദീകരിക്കുമോ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ(തൊഴിൽ വകുപ്പു മന്ത്രി):-**

(എ)സ്ഥായിയായ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക എന്ന അടിസ്ഥാന ലക്ഷ്യം മുൻനിർത്തി അടുത്ത അഞ്ചു വർഷകാലം കൊണ്ട് അഞ്ചു ലക്ഷം പേർക്ക് തൊഴിൽ നൽകുവാൻ വേണ്ടിയുള്ള ഒരു ബൃഹത് പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്. വിവിധ വകുപ്പുകളുടെ കീഴിലുള്ള തൊഴിൽ ദാനപദ്ധതികളും പരിശീലന പരിപാടികളും സംയോജിപ്പിച്ചുകൊണ്ട് വിപുലമായ ഒരു തൊഴിൽദാന പദ്ധതിയാണ് ഇതുമൂലം വിഭാവനം ചെയ്യുന്നത്.

(ബി) യും (സി) യും

2002–2003 വര്‍ഷത്തെ ബജറ്റ് പ്രസംഗത്തില്‍ ഈ പദ്ധതിക്കായി 201 കോടിരൂപ നീക്കി വയ്ക്കുന്നതായി പ്രഖ്യാപിക്കുന്നുണ്ട്.

(ഡി)യും (ഇ) യും

പദ്ധതിയുടെ വിശദാംശങ്ങള്‍ തീരുമാനിക്കപ്പെട്ടിട്ടില്ല. എന്നാല്‍ പുതിയ തൊഴിലവസരങ്ങള്‍ സൃഷ്ടിക്കുന്നത് സംബന്ധിച്ച് പുതിയ പദ്ധതി തയാറാക്കുന്നതിന് ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്.

(എഫ്) പല വകുപ്പുകളുടേയും സംയോജിത പ്രവര്‍ത്തനം ഈ പദ്ധതിക്ക് ആവശ്യമാണ്.

## മാരിടൈം അക്കാഡമി ആരംഭിക്കുവാന്‍ നടപടി

239. ശ്രീ. വി.ജെ. പൗലോസ്:

ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍:

ശ്രീ. ടി.എന്‍. പ്രതാപന്‍:

ശ്രീ. കെ. മോഹന്‍കുമാര്‍:

ശ്രീ. കെ.എ. ചന്ദ്രന്‍: : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നല്‍കുമോ;

(എ) സംസ്ഥാനത്ത് ഒരു മാരിടൈം അക്കാഡമി ആരംഭിക്കുവന്‍ ഉദ്ദേശമുണ്ടോ;

(ബി) എങ്കില്‍ എവിടെ എന്ന് വ്യക്തമാക്കാമോ;

(സി) മാരിടൈം അക്കാഡമി ആരംഭിക്കുന്നത് സംബന്ധിച്ച് പ്രോജക്ട് റിപ്പോര്‍ട്ട് ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) എങ്കില്‍ അതിലെ നിര്‍ദ്ദേശങ്ങള്‍ എന്താണെന്ന് വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ശ്രീ. എം.വി. രാഘവന്‍ (സഹകരണവും തുറമുഖവും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) തിരുവനന്തപുരത്ത് വലിയ തുറയില്‍

(സി) അക്കാഡമി സ്ഥാപിക്കുന്നത് സംബന്ധിച്ച് പ്രോജക്ട് റിപ്പോര്‍ട്ട് ലഭിച്ചിട്ടുണ്ട്.

(ഡി) ഇതിലെ പ്രധാന നിര്‍ദ്ദേശങ്ങള്‍ താഴെ പറയുന്നവയാണ്.

(1) വലിയതുറ തുറമുഖത്തെ ഏകദേശം 2 ഏക്കര്‍ സ്ഥലവും അവിടത്തെ ചില കെട്ടിടങ്ങളും അവശ്യം പുതുക്കലുകള്‍ നടത്തി മാരിടൈം ഇന്‍സ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്.

(2) ഏറ്റവും പുതിയ ഷിപ്പിംഗ് നിയമങ്ങള്‍ അനുസരിച്ചുള്ള പ്രീ–സി ട്രെയിനിംഗ് കോഴ്സുകളും മോഡ്യൂലേറ്റര്‍ കോഴ്സുകളും ആയിരിക്കും ഈ ഇന്‍സ്റ്റിറ്റ്യൂട്ടില്‍ നടത്തുക.

(3) ആദ്യഘട്ടത്തില്‍ 60 വിദ്യാര്‍ത്ഥികള്‍ക്ക് താമസിച്ചു പഠിക്കുന്നതിനുള്ള സൗകര്യം ഏര്‍പ്പെടുത്തുക.

## ജില്ലാ സഹകരണ ബാങ്കിന്റെ അഡ്മിനിസ്ട്രേറ്റര്‍മാര്‍ക്ക് അംഗങ്ങളെ ചേര്‍ക്കാന്‍ ഉള്ള അധികാരം

240. ശ്രീ. പിരപ്പന്‍കോട് മുരളി:

ശ്രീ. പി. ജയരാജന്‍:

ശ്രീമതി. പി.കെ. ശ്രീമതി ടീച്ചര്‍:

ശ്രീ. സാജുപോള്‍: : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നല്‍കുമോ;

(എ) ജില്ലാ സഹകരണ ബാങ്കിന്റെ അഡ്മിനിസ്ട്രേറ്റര്‍മാര്‍ക്ക് പുതുതായി അംഗങ്ങളെ ചേര്‍ക്കുന്നതിന് അധികാരമുണ്ടോ;

(ബി) എങ്കില്‍ ആയത് സഹകരണ നിയമത്തിലെ ഏത് വ്യവസ്ഥ പ്രകാരമാണ് എന്ന് വിശദമാക്കാമോ;

(സി) അഡ്മിനിസ്ട്രേറ്റര്‍മാരുടെ അധികാരം സംബന്ധിച്ച് ഏറ്റവും ഒടുവില്‍ സുപ്രീകോടതിയും കേരള ഹൈക്കോടതിയും പുറപ്പെടുവിച്ചിട്ടുള്ള വിധിയുടെ വെളിച്ചത്തില്‍ അഡ്മിനിസ്ട്രേറ്റര്‍മാര്‍ക്ക് അംഗങ്ങളെ ചേര്‍ക്കാന്‍ ഇപ്പോള്‍ അധികാരമുണ്ടോ;

(ഡി) സുപ്രീകോടതി വിധിയേയും ഹൈക്കോടതി വിധിയേയും മറികടക്കുന്നതിന് ഓര്‍ഡിന്‍സിലൂടെ സഹകരണ നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥ ഭേദഗതി

ചെയ്തിട്ടുണ്ടോ; എങ്കിൽ ഏത് വ്യവസ്ഥ എപ്രകാരം ഭേദഗതി ചെയ്യുകയുണ്ടായെന്ന് വ്യക്തമാക്കുമാ?

**ഉത്തരം**

**ശ്രീ. എം.വി. രാഘവൻ (സഹകരണവും തുറമുഖവും വകുപ്പു മന്ത്രി):-**

(എ)സഹകരണസംഘങ്ങളിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി/അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റർമാർ എന്നിവർക്ക് ഒരു കമ്മിറ്റിയുടെ എല്ലാ അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്.

(ബി) 1969 ലെ സഹകരണ നിയമത്തിലെ വകുപ്പു 32(4), 33(2) എന്നിവ പ്രകാരം.

(സി) അഡ്മിനിസ്ട്രേറ്റർമാരുടെ അധികാരം സംബന്ധിച്ച് സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള വിധി അനുസരിച്ച് അഡ്മിനിസ്ട്രേറ്റർമാർക്ക് അംഗങ്ങളെ ചേർക്കാൻ അധികാരമില്ല. എന്നാൽ ബഹു. ഹൈക്കോടതിയുടെ 5821/02 ഒപിയിലുള്ള 6..3..2002ലെ ഉത്തരവിൽ വായ്പ നൽകുന്നതിന് അംഗത്വം നൽകാവുന്നതാണെന്നും എന്നാൽ വോട്ടവകാശം, ടി അംഗത്വം തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റി അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഉണ്ടായിരിക്കൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) ഇല്ല.

**ജില്ലാസഹകരണ ബാങ്കുകളിലേക്ക് പുതിയ ഭരണ സമിതിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി**

241. ശ്രീ. ജോസഫ്. എം. പുതുശ്ശേരി:

ശ്രീ. തോമസ് ഉണ്ണിയാടൻ:

ശ്രീ. സ്റ്റീഫൻ ജോർജ്:

ശ്രീ. മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ എല്ലാ ജില്ലാസഹകരണ ബാങ്കുകളിലേക്കും പുതിയ ഭരണ സമിതിയെ തെരെഞ്ഞെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നത്തേക്ക് തെരെഞ്ഞെടുപ്പ് നടത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയ സഹകരണ സംഘങ്ങളിൽ ഉടൻ തെരെഞ്ഞെടുപ്പ് നടത്താൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഭരണസമിതി പരിച്ചുവിടുന്ന സംഘങ്ങളിൽ ഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന്റെ മാനദണ്ഡം എന്തെല്ലാം എന്ന് വിശദീകരിക്കുമോ?

**ഉത്തരം**

**ശ്രീ. എം.വി. രാഘവൻ (സഹകരണവും തുറമുഖവും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) കേരള സഹകരണസംഘം നിയമം, ചട്ടം എന്നിവകൾ പ്രകാരം തെരെഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് തെരെഞ്ഞെടുപ്പ് നടത്തുന്നതാണ്.

(സി) സ്വീകരിക്കും.

(ഡി) സഹകരണ നിയമം 32(1)(ഡി) 33(1) ബി(1) എന്നീ വകുപ്പുകൾ പ്രകാരം മൂന്ന് പേരിൽ അധികരിക്കാതെ സംഘാംഗങ്ങളെ ഉൾപ്പെടുത്തിയാണ് അഡ്മിനിസ്ട്രേററീവ് കമ്മിറ്റികൾ രൂപീകരിക്കുന്നത്.

**അഗതികളുടെ പുനരധിവാസത്തിനായി പദ്ധതികൾ**

242 ശ്രീ. എ.എൻ. രാജൻ ബാബു:

ശ്രീ. ഉമേഷ് ചള്ളിയിൽ:

ശ്രീ. ജോണി നെല്ലൂൽ:

ശ്രീ. കെ.കെ. ഷാജു:

ശ്രീ. ഷിബു ബേബി ജോൺ:: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ എല്ലാ താലൂക്കുകളിലും അഗതികളുടെ പുനരധിവാസത്തിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി):-**

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) പ്രസക്തമല്ല.

(സി) പരിശോധിക്കുന്നതാണ്.

**സഹകരണസംഘങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള നിയമന നിയന്ത്രണം**

243. ശ്രീമതി. ഗിരിജാ സുരേന്ദ്രൻ:

ശ്രീ. ടി.കെ. ബാലൻ:

ശ്രീ. വി.കെ. ചന്ദ്രൻ:

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ ഒഴിവുണ്ടാകുന്നതുൾപ്പെടെയുള്ള പുതിയ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനും പ്രൊമോഷൻ നൽകുന്നതിനും സർക്കാർ പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാംതരം സംഘങ്ങളിലെ ഏതെല്ലാം തസ്തികകളിലേക്കുള്ള നിയമനങ്ങളും പ്രൊമോഷനുകളുമാണ് നിർത്തി വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സഹകരണ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാനാവശ്യമായ ചട്ടപ്രകാരമുള്ള നിയമനം നടത്തുന്നതിനും പ്രൊമോഷൻ നടത്തുന്നതിനും തെരെഞ്ഞെടുക്കപ്പെട്ട ഭരണ സമിതികൾക്കുള്ള അധികാരം രജിസ്ട്രാർ തടഞ്ഞുവച്ചിരിക്കുന്നത് എന്തുകൊണ്ടാണ്; ഇതിനായി സർക്കാർ നിർദ്ദേശം നൽകുകയുണ്ടായോ;

(ഡി) ഇത് സംബന്ധമായ ഗവൺമെന്റ് ഉത്തരവിന്റേയും രജിസ്ട്രാറുടെ സർക്കുലറുകളുടേയും വിശദവിവരം ലഭ്യമാക്കാമോ;

(ഇ) സഹകരണ മേഖലയിൽ നിയമനം തടയപ്പെട്ടിട്ടില്ലാത്തത് ഏതെല്ലാം നിലയിലുള്ള ക്രെഡിറ്റ് സംഘങ്ങളിലാണെന്ന് വിശദമാക്കാമോ?

**ഉത്തരം**

**ശ്രീ. എം.വി. രാഘവൻ (സഹകരണവും തുറമുഖവും വകുപ്പു മന്ത്രി):-**

(എ) യും (ബി) യും

ഉണ്ട്. റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ള അർബൻ സഹകരണ ബാങ്കുകൾ, പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്ന സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവ ഒഴികെയുള്ള എല്ലാ പ്രാഥമിക വായ്പാ സഹകരണ സ്ഥാപനങ്ങളിലേക്കുമുള്ള എല്ലാ നിയമനങ്ങളും ജൂനിയർ ക്ലാർക്കിന് താഴെയുള്ള തസ്തികകളിൽ നിന്നു പ്രൊമോഷനുകളും ആറുമാസത്തേയ്ക്ക് താല്ക്കാലികമായി നിർത്തി വയ്ക്കുവാൻ 3..5..2002ൽ സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ഭൂരിഭാഗം പ്രാഥമിക വായ്പാ സംഘങ്ങളും ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. വർദ്ധിച്ചുവരുന്ന സിൽബന്ധി ചെലവുകൾ ഇതിന് ഒരു കാരണമാണ്. ഇതിന് ഒരു നിയന്ത്രണം എന്ന നിലയിലും, ജൂനിയർ ക്ലാർക്കിന് താഴെയുള്ള തസ്തികകളിൽ നേരിട്ടു നിയമനം നടത്തുവാനുള്ള അധികാരം ദുർവിനിയോഗപ്പെടുത്തി, ഉയർന്ന യോഗ്യതയുള്ളവരെ ഈ തസ്തകകളിൽ നിയമനം നടത്തിയതിനുശേഷം പിന്നീട് ഒഴിവ് വരുന്ന ജൂനിയർ ക്ലാർക്ക് തസ്തികകളിൽ പ്രൊമോഷൻ നൽകി നിയമിക്കുകയും ചെയ്യുന്ന അനോരാഗ്യകരമായ പ്രവണത തടയുന്നതിനും വേണ്ടിയാണ് ഈ താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്.

(ഡി) സഹകരണസംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള 3..5..2002ലെ സർക്കുലറിന്റെ കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഇ) വിവരം ഉപചോദ്യം (എ) ആന്റ് (ബി)യിലെ മറുപടിയിൽ ലഭ്യമാണ്.

**തയ്യൽ തൊഴിലാളി ക്ഷേമത്തിനായുള്ള പ്രവർത്തനം**

244. ശ്രീ. സാജുപോൾ:

ശ്രീ. രാജു എബ്രഹാം:

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ:

ശ്രീ. വി.കെ.സി. മമ്മത്കോയ: : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ തയ്യൽ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തയ്യൽ തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ:

(സി) ഇവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ക്ഷേമനിധി നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) മിനിമം പെൻഷൻ വർദ്ധിപ്പിക്കുന്നതിന് പരിഗണന നൽകുമോ;

(എഫ്) റിട്ടയർമെന്റ് ആനുകൂല്യം, പ്രസവകാല വേതനം, മരണാനന്തരസഹായം എന്നിവയിൽ കാലോചിതമായ മാറ്റം വരുത്താൻ തയ്യാറാവുമോ?

**<u>ഉത്തരം</u>**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പു മന്ത്രി):-**

(എ) തയ്യൽതൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി തുടരുന്നവർക്കുള്ള അവശതാ പെൻഷൻ സ്ഥായിയായ അവശതമൂലം ജോലി ചെയ്യാൻ കഴിയാത്തവരും മൂന്ന് വർഷത്തിൽ കുറയാത്ത കാലയളവിൽ തയ്യൽ തൊഴിലാളികളായോ സ്വയം തൊഴിലായി തയ്യൽജോലി ചെയ്തിരുന്ന അവശതയനുഭവിക്കുന്ന 60 വയസ്സ് പൂർത്തിയായ തയ്യൽ തൊഴിലാളികൾക്കുള്ള അവശതാ പെൻഷൻ, അംഗങ്ങളുടെ കുട്ടികൾക്കായുള്ള ക്യാഷ് അവാർഡ്/സ്കോളർഷിപ്പ്, അംഗത്തിന്റെ രണ്ട് പെൺമക്കൾക്കും അവിവഹിതരായ അംഗത്തിനുമുള്ള വിവാഹ ആനുകൂല്യം, പ്രസവാനുകൂല്യം, റിട്ടയർമെന്റ് പെൻഷൻ, റിട്ടയർമെന്റ് ബെനിഫിറ്റ്, കുടുംബ പെൻഷൻ, മരണാനന്തര സഹായം തുടങ്ങിയവയാണ് സംസ്ഥാനത്തെ തയ്യൽതൊഴിലാളികൾക്ക് നടപ്പിലാക്കിയിട്ടുള്ള ക്ഷേമാനുകൂല്യങ്ങൾ.

(ബി) കേരള തയ്യൽതൊഴിലാളി ക്ഷേമനിധി ബോർഡ് ഈ പ്രശ്നങ്ങൾ പഠന വിധേയമാക്കിയിട്ടില്ല.

(സി) ഉണ്ട്. അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടുന്ന രേഖകളായ പാസ് ബുക്കിന്റെ പകർപ്പ്, വിവാഹ സർട്ടിഫിക്കറ്റ്, ജനന സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷകർ ഹാജരാക്കാത്തതിനാലും ലൈഫ് സർട്ടിഫിക്കറ്റ് കൃത്യസമയത്ത് അയക്കാത്തതിനാലും ആനുകൂല്യ വിതരണത്തിന് കാലതാമസം നേരിടുന്നുണ്ട്.

(ഡി) ഭേദഗതി ആവശ്യമാണെന്ന് തോന്നുന്ന സാഹചര്യങ്ങളിൽ, പോരായ്മകൾ പരിഹരിക്കുന്നതിനായി ക്ഷേമനിധി നിയമനത്തിലും പദ്ധതിയിലും ഭേദഗതികൾ വരുത്താറുണ്ട്.

(ഇ) മിനിമം പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യ ഇപ്പോൾ പരിഗണനയിലില്ല.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

## <u>കെട്ടിക്കിടക്കുന്ന കൈത്തറി ഉൽപ്പന്നങ്ങൾ</u>

245. ശ്രീ. ഡി. സുഗതൻ:
പ്രൊഫ. എ.ഡി. മുസ്തഫ:
ശ്രീ. ഇ.എം. അഗസ്തി:
ശ്രീ. പി.ടി. തോമസ്:
ശ്രീ. ബി. വിജയകുമാർ: : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കൈത്തറിത്തുണിക്ക് നൽവരുന്ന റിബേറ്റ് നിർത്തലാക്കാൻ ആലോചനയുണ്ടോ;

(ബി) പ്രതിവർഷം എത്ര ദിവസത്തേയ്ക്കുള്ള വിൽപ്പനയ്ക്കാണ് റിബേറ്റ് അനുവദിക്കുന്നത്;

(സി) പ്രതിവർഷം നൽകേണ്ടതായി വരുന്ന റിബേററ് തുക എത്ര;

(ഡി) കെട്ടിക്കിടക്കുന്ന കൈത്തറി ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നു; വിശദവിവരം വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി):-**

(എ) 2002-2003 വർഷം റിബേറ്റ് അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ മാർക്കറ്റിംഗ് ഇൻസെന്റീവ് സ്കീം നടപ്പാക്കി വരുന്നുണ്ട്.

(ബി) വിവിധ കാലയളവിലായി പ്രതിവർഷം 78 ദിവസത്തേയ്ക്ക് റിബേറ്റ് അനുവദിച്ചിരുന്നു.

(സി) ഉദ്ദേശം 15 കോടിയോളം രൂപയുടെ റിബേറ്റ് അപേക്ഷ വർഷംതോറും കൈത്തറി ഡയറക്ടർക്ക് ലഭിക്കുന്നുണ്ട്.

(ഡി) കൈത്തറി രംഗം നേരിടുന്ന ഗുരുതരമായ പ്രതിസന്ധി വിപണനരംഗത്തെ മാന്ദ്യമാണ്. ഹാന്റെക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്ക് കെട്ടിട്ടിടക്കുന്നസ്റ്റോക്ക് വിറ്റഴിക്കുന്നതിന് ഉൽസവകാലങ്ങളിൽ റിബേറ്റ് തുടരുന്ന കാര്യവും പ്രൈമറി സഹകരണ സംഘങ്ങൾക്ക് കുടിശ്ശികയായിട്ടുള്ള മാർക്കറ്റിംഗ് ഇൻസെന്റീവ് നൽകുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലുണ്ട്.

## <u>അമിത ചാർജ് ഈടാക്കുന്നത് നിയന്ത്രിക്കുന്നതിന് നടപടി</u>

246. ശ്രീ. കെ. നാരായണക്കുറുപ്പ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

((എ) പെട്രോൾ, ഡീസൽ വില ഉയർന്ന സാഹചര്യത്തിൽ ഓട്ടോ-ടാക്സി ഡ്രൈവർമാർ അമിത ചാർജ് ഈടാക്കുന്നത് നിയന്ത്രിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) അമിത ചാർജ് നിയന്ത്രിക്കുന്നതിന് എന്തു സംവിധാനം ആണ് നിലവിലുള്ളത് എന്ന് വെളിപ്പെടുത്താമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ.ബി. ഗണേഷ്കുമാർ (ഗതാഗതവകുപ്പുമന്ത്രി):-**

(എ) പെട്രോൾ, ഡീസൽ വില ഉയരുന്ന സാഹചര്യത്തിൽ ഓട്ടോ-ടാക്സി ഡ്രൈവർമാർ അമിത ചാർജ്ജ് ഈടാക്കുന്നതായി പരാതി ലഭിച്ചാൽ അതിന്മേൽ നിയമാനുസൃതം നടപടി എടക്കാവുന്നതാണ്. കൂടാതെ വാഹന ഉടമയിൽ നിന്നും പിഴ ഈടാക്കുന്നതിനും പെർമിറ്റ് സസ്പെൻഡ് ചെയ്യുന്നതിനും റദ്ദാക്കുന്നതിനും നിയമമുണ്ട്. ഇതിനുപരി ഡ്രൈവറുടെ ലൈസൻസ് സസ്പെൻഡ് ചെയ്യാനും നടപടി സ്വീകരിക്കാവുന്നതാണ്.

(ബി) അമിത ചാർജ്ജ് ഈടാക്കിയാൽ അടുത്തുള്ള മോട്ടോർ വാഹന വകുപ്പിന്റെ ആഫീസിലോ, പോലീസ് സ്റ്റേഷനിലോ വാഹനത്തിന്റെ നമ്പർ, യാത്ര ചെയ്ത ദൂരം, ഈടാക്കിയ ചാർജ്ജ് എന്നിവ കാണിച്ച് പരാതി നൽകേണ്ടതാണ്. പരാതി ലഭിച്ചാൽ അന്വേഷണം നടത്തി മുകളിൽ പറഞ്ഞിരിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

## <u>ഡ്രൈവിംഗ് ലൈസൻസ്</u>

247. ശ്രീ. എം. കുമാരൻ:
ശ്രീ. പി. നാരായണൻ:
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള പുതിയ നടപടിക്രമങ്ങൾ എന്തെല്ലാം;

(ബി) ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിലെ അഴിമതികൾ അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ.ബി.ഗണേഷ്കുമാർ (ഗതാഗത വകുപ്പുമന്ത്രി):-**

(എ) ലേണേഴ്സ് ലൈസൻസിനുള്ള ടെസ്റ്റ് കംപ്യൂട്ടറിന്റെ സഹായത്തോടെ നടത്തുന്നതിനുള്ള സംവിധാനം തിരുവനന്തപുരത്ത് സ്ഥാപിച്ചു കഴിഞ്ഞു. ഈ സംവിധാനം എല്ലാ ഓഫീസുകളിലേക്കും വ്യാപിപ്പിക്കുന്നതോടുകൂടി ലേണേഴ്സ് ലൈസൻസ് നൽകുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ വേഗത്തിലും സുകാര്യതയോടെയും നടത്താൻ കഴിയും.

ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് സർക്കാർ നിയമിച്ച ഹൈലവൽ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾ ട്രാൻസ്പോർട്ട് കമ്മിഷണർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഇരുചക്രവാഹനങ്ങൾക്കും, മൂന്നു ചക്രവാഹനങ്ങൾ, ലൈറ്റ് മോട്ടോർ വാഹനങ്ങൾ എന്നിവയ്ക്കും ലൈസൻസ് നൽകാൻ ഗ്രൗണ്ട് ടെസ്റ്റും, റോഡ് ടെസ്റ്റും നടത്തുന്നുണ്ട്. ഗ്രൗണ്ട് ടെസ്റ്റ് നടത്തുന്നതിന് ഇരുചക്ര, മൂന്നുചക്രവാഹനങ്ങൾക്ക് “8” ട്രാക്കും, ലൈറ്റ് മോട്ടോർവാഹനങ്ങൾക്ക് “എച്ച്” ട്രാക്കും നിർബന്ധമാക്കിയിട്ടുണ്ട്. ഗ്രൗണ്ട് ടെസ്റ്റ്

പാസ്സാകുന്നവരെ മാത്രമേ റോഡ് ടെസ്റ്റിന് അനുവദിക്കുകയുള്ളു. ഈ ടെസ്റ്റ് ഒരു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും ഒരു അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും സംയുക്തമായി നടത്തിവരുന്നു. റോഡ് ടെസ്റ്റ് നടത്തുന്നത് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തന്നെയായിരിക്കും. റോഡ്ടെസ്റ്റ് നടത്തുംപോൾ പരിശോധിക്കേണ്ട കാര്യങ്ങൾ അടങ്ങിയ ഒരു ചെക്ക് ലിസ്റ്റ് നൽകിയിട്ടുണ്ട്. ഈ ലിസ്റ്റിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ടെസ്റ്റ് നടത്തുംപോൾ പരിശോധിക്കുന്നതും വിജയിക്കുന്നവർക്ക് ലൈസൻസ് നൽകുന്നതുമാണ്. ഒരു ടീം ഒരു ദിവസം 40–ൽ കൂടുതൽ അപേക്ഷകരെ ടെസ്റ്റ് നടത്തുവാൻ പാടില്ലെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. അതിനാൽ ഡ്രൈവിംഗ് ടെസ്റ്റിന് ഹാജരാകേണ്ട തീയതിയും സ്ഥലവും ലേണേഴ്സ് ലൈസൻസ് നൽകുംപോൾ തന്നെ നിശ്ചയിച്ചു നൽകുന്നു. കൂടാതെ ഹെവി വാഹനങ്ങൾ ഓടിക്കുന്നതിന് ഉള്ള ഡ്രൈവിംഗ് ലൈസൻസ് നൽകാൻ എപ്പോഴും രണ്ട് ഉയർന്ന ഓഫീസർമാർ അടങ്ങിയ സംഘമാണ് ടെസ്റ്റ് നടത്തുന്നത്. അതായത് 1 ആർ.ടി.ഒ/ജോയിന്റ് ആർ.ടി.ഒ. അല്ലെങ്കിൽ 2 ജോയിന്റ് ആർ.ടി.ഒ.യും മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും.

(ബി) ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിൽ അഴിമതി അവസാനിപ്പിക്കാൻ മേലുദ്യോഗസ്ഥർ ടെസ്റ്റിംഗ് ഗ്രൗണ്ടിൽ സൂപ്പർ ടെസ്റ്റ് നടത്തുന്നുണ്ട്. കൂടാതെ ഹെവി വാഹനങ്ങൾ ഓടിക്കുവാനുള്ള ഡ്രൈവിംഗ് ലൈസൻസ് നൽകുന്നത് ആർ.ടി.ഒ പരിശോധിച്ചതിനു ശേഷമാണ്. ഇതുകൂടാതെ ഡിപ്പാർട്ടുമെന്റിൽ രൂപീകരിച്ചിട്ടുള്ള വിജിലൻസ് സെല്ലും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ഡിപ്പാർട്ട്മെന്റ് ഓഫീസർമാരും ലൈസൻസ് ടെസ്റ്റ് നടത്തുന്ന ഗ്രൗണ്ടിൽ മിന്നൽ പരിശോധന നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ക്രമക്കേട് കണ്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

## <u>സംസ്ഥാന സഹകരണ അക്കാഡമിയുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രൊഫഷണൽ കോളേജുകൾ</u>

248. ശ്രീ. മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീ.സ്റ്റീഫൻ ജോർജ്:
ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ അക്കാഡമിയുടെ കീഴിൽ എത്ര പ്രൊഫഷണൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ അക്കാഡമിയുടെ കീഴിൽ കൂടുതൽ എഞ്ചിനീയറിംഗ്, മെഡിക്കൽ, ദന്തൽ കോളേജുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. എം.വി. രാഘവൻ (സഹകരണവും തുറമുഖവും വകുന്ത്രി):-**

(എ) സംസ്ഥാന സഹകരണ അക്കാഡമിയുടെ കീഴിൽ ഒരു മെഡിക്കൽ കോളേജും 5 എഞ്ചിനീയറിംഗ് കോളേജും ഉൾപ്പെടെ 6 പ്രൊഫഷണൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി)യും (സി)യും തിരുവനന്തപുരം, കായംകുളം, ആറന്മുള എന്നീ സ്ഥലങ്ങളിൽ ഓരോ എഞ്ചിനീയറിംഗ് കോളേജുകളും വടക്കൻ പറവൂരിൽ എം.ബി.എ. കോഴ്സ് നടത്തുന്നതിന് ഒരു സഹകരണ കമ്മ്യൂണിറ്റി കോളേജും, തിരുവനന്തപുരത്ത് വലിയതുറയിൽ ഒരു മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടും സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട്.

## <u>സഹകരണ സംഘങ്ങളുടെ പ്രവർത്തന പരിധി സംബന്ധിച്ച നിയമ വ്യവസ്ഥകൾ</u>

249. ശ്രീ. കെ.വി. കുഞ്ഞിരാമൻ:
ശ്രീ. വി.കെ.സി. മമ്മത്കോയ:
ശ്രീ. പി. ജയരാജൻ:
ശ്രീ.എം.വി.ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘങ്ങളുടെ പ്രവർത്തനപരിധി സംബന്ധിച്ച നിയമവ്യവസ്ഥകൾ റദ്ദാക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) പ്രവർത്തനപരിധി വേണ്ടെന്നു വയ്ക്കുന്നതിലൂടെ സഹകരണമേഖലയ്ക്ക് സർക്കാർ പ്രതീക്ഷിക്കുന്ന ഗുണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) സംഘങ്ങൾക്ക് പ്രവർത്തനപരിധി വ്യവസ്ഥ ഏർപ്പെടുത്തിയത് എപ്പോഴായിരുന്നു; അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തായിരുന്നു;

(ഡി) ഏതെങ്കിലും പഠനത്തിന്റെയോ റിപ്പോർട്ടിന്റെയോ അടിസ്ഥാനത്തിലാണോ വ്യവസ്ഥകൾ എടുത്തുകളയുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) പ്രാഥമിക വായ്പാ സഹകരണസംഘങ്ങളുടെ പ്രവർത്തനപരിധിയും എടുത്തുകളയാനുദ്ദേശിക്കുന്നുണ്ടോ;

(എഫ്) പ്രവർത്തനപരിധി വ്യവസ്ഥ ഏതെല്ലാം നിലയിലുള്ള സംഘങ്ങൾക്കാണ് ബാധകമായിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ശ്രീ. എം.വി. രാഘവൻ (സഹകരണവും തുറമുഖവും വകുപ്പുമന്ത്രി):-**

(എ) പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 1969-ലെ കേരള സഹകരണസംഘം നിയമത്തിലെ വകുപ്പ് 7(1) (സി) പ്രകാരമാണ് സഹകരണനിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണസംഘങ്ങൾക്ക് പ്രവർത്തനപരിധി ഏർപ്പെടുത്തിയത്. ഒരേ രൂപത്തിലുള്ള സംഘങ്ങളുടെ അതിവ്യാപനം തടയുന്നതിനും, ഇത്തരം സംഘങ്ങൾ തമ്മിലുള്ള മത്സരങ്ങൾ ഒഴിവാക്കി ആരോഗ്യകരമായ പ്രവർത്തനം നടത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് പ്രവർത്തനപരിധി വ്യവസ്ഥ ഏർപ്പെടുത്തിയത്.

(ഡി) ചോദ്യം 'എ'യ്ക്കുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) പരിഗണനയിലില്ല.

(എഫ്) സംസ്ഥാനത്തെ സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള സോഷ്യൽ വെൽഫയർ സംഘങ്ങൾ, മോട്ടോർ ട്രാൻസ്പോർട്ട് സംഘങ്ങൾ, പ്രിന്റിംഗ് സംഘങ്ങൾ, ടൂറിസം സംഘങ്ങൾ,, ക്യാന്റീൻ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സംഘങ്ങൾ, വനിതാസംഘങ്ങൾ, ഹോസ്പിറ്റൽ സംഘങ്ങൾ, ഹൗസിംഗ് സംഘങ്ങൾ, മാർക്കറ്റിംഗ് സംഘങ്ങൾ, കൺസ്യൂമർ സംഘങ്ങൾ എന്നിവ ഒഴികെയുള്ള സംഘങ്ങൾ പ്രവർത്തനപരിധി വ്യവസ്ഥ ബാധകമാണ്.

## <u>ജലഗതാഗതവകുപ്പിന്റെ പ്രവർത്തനം നവീകരിക്കാൻ പദ്ധതികൾ</u>

250. ശ്രീ. ഷിബു ബേബിജോൺ:
ശ്രീ. എ.എൻ. രാജൻബാബു:
ശ്രീ. ഉമേഷ് ചള്ളിയിൽ:
ശ്രീ. കെ.കെ. ഷാജു:
ശ്രീ. ജോണിനെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം നവീകരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ സർക്കാർ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇല്ലെങ്കിൽ ഈ കാര്യം പരിഗണിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ.ബി. ഗണേഷ്കുമാർ (ഗതാഗതവകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) ജലഗതാഗത വകുപ്പിൽ തടികൊണ്ടുള്ള ബോട്ടുകളാണ് ഉപയോഗിക്കുന്നത്. ഇത് വളരെയധികം അസൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനാൽ ഘട്ടംഘട്ടമായി തടിബോട്ടുകൾ പിൻവലിച്ച് ഫൈബർ ബോട്ടുകൾ സർവ്വീസിനിറക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. 40 മുതൽ 50 വരെ പാസഞ്ചർ കപ്പാസിറ്റിയുള്ളതും 4 സിലണ്ടർ എഞ്ചിനും ഹൈഡ്രോളിക് ഗിയർ ബോക്സുകളുമുള്ള മൂന്ന് ഫൈബർ ബോട്ടുകൾക്ക് ഓർഡർ നൽകിയിട്ടുണ്ട്. ബോട്ടുകൾ സമയബന്ധിതമായി പണിതീർത്ത് സർവ്വീസിന് ഇറക്കുന്നതിന് ആധുനികരീതിയിലുള്ള സ്ളീപ്പ് വേയുടെ പണി ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആലപ്പുഴ ഡോക് യാർഡിൽ നിലവിലുള്ള മെക്കാനിക്കൽ വിഞ്ചിനുപകരം ഇലക്ട്രിക്കൽ വിഞ്ച് സ്ഥാപിക്കാനും നടപടികൾ

എടുത്തുവരുന്നു. കാവാലം, മുഹമ്മ, പാണാവള്ളി എന്നിവിടങ്ങളിൽ സ്റ്റേഷൻ ഓഫീസുകൾ നിർമ്മിക്കുന്നതിനും ആലപ്പുഴ സ്റ്റേഷൻ പുതുക്കി പണിയുന്നതിനും നടപടികൾ എടുത്തുവരുന്നു. ജലഗതാഗതവകുപ്പിന്റെ സമഗ്ര പരിഷ്ക്കരണത്തിനായി നാട്പാക്കിനെക്കൊണ്ട് ഒരു പഠനം നടത്തിയിട്ടുണ്ട്. നാട്പാക് അവരുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പേർട്ട് സർക്കാർ പരിശോധിച്ചു വരുകയാണ്.

(സി) ചോദ്യം ഉദിക്കുന്നില്ല.

## <u>മിനറൽ കോംപ്ളക്സ് സ്ഥാപിക്കാനുള്ള നടപടി</u>

251. ശ്രീ. എ.കെ. മണി:
ശ്രീ. വി. ബാലറാം:
ശ്രീ. എം. മുരളി:
ശ്രീ. എൻ. ശക്തൻ:
ശ്രീ. എ.പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു മിനറൽ കോംപ്ളക്സ് സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ബി) ഉണ്ടെങ്കിൽ പൊതുമേഖലയിലാണോ സ്വകാര്യമേഖലയിലാണോ ഈ സംരംഭം ആരംഭിക്കുന്നത്;

(സി) സംസ്ഥാനത്ത് ലഭ്യമായ ധാതുമണലിൽനിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുവാനുള്ള എന്തെങ്കിലും നിർദ്ദേശമുണ്ടോ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ;

(ഇ) ധാതുമണലിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കുന്നതിനുള്ള സാങ്കേതികവിദ്യ നമുക്കുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപപ്പുമന്ത്രി):-**

(എ) &(ബി) സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

(സി),(ഡി)&(ഇ) പൊതുമേഖലാ സ്ഥാപനങ്ങളായ ഐ.ആർ.ഇ., കെ.എം.എം.എൽ. തുടങ്ങിയ സ്ഥാപനങ്ങളും, സ്വകാര്യ സ്ഥാപനമായ സി.എം.ആർ.എല്ലും, ധാതുമണലിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. പുതിയ നിർദ്ദേശങ്ങളൊന്നും ഗവൺമെന്റിന് ലഭിച്ചിട്ടില്ല.

## <u>ബാലവേല അവസാനിപ്പിക്കുവാൻ നടപടി</u>

252. ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ :
ശ്രീ. കെ.പി. വിശ്വനാഥൻ:
ശ്രീ. എൻ.ഡി. അപ്പച്ചൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. വി.ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം തൊഴിൽ മേഖലകളിൽ ബാലവേല നിലവിലിരിക്കുന്നു;

(ബി) വിവിധ തൊഴിൽ മേഖലകളിലായി എത്ര ബാലികാബാലന്മാർ ജോലിയിൽ ഏർപ്പെട്ടിട്ടുണ്ട്;

(സി) എന്നേയ്ക്ക് ബാലവേല അവസാനിപ്പിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) അതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>ഉത്തരം</u>**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽവകുപ്പുമന്ത്രി):-**

(എ) സംസ്ഥാനത്ത് ബാലവേല പ്രധാനമായും ഹോട്ടലുകളിലാണ് കണ്ടുവരുന്നത്.

(ബി) ഇപ്പോഴത്തെ കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ ബഹു:സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ 1997-ൽജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിൽ നടത്തിയ സർവ്വേയിൽ സംസ്ഥാനത്ത് ആകെ 10067 ബാലത്തൊഴിലാളികൾ ഉണ്ടെന്ന്

രേഖപ്പെടുത്തിയിരുന്നു. എന്നാൽ ഈ കണക്ക് പൂർണ്ണമല്ലെന്ന് ലേബർ കമ്മിഷണരുടെ ഓഫീസിലെ ബന്ധപ്പെട്ട ഇൻസ്പെക്ടർമാർ പിന്നീട് നടത്തിയ പരിശോധനയിൽ ബോധ്യമായിട്ടുണ്ട്.

(സി) ബാലവേല നിരോധിക്കപ്പെട്ടിട്ടുള്ള തൊഴിൽ മേഖലകളിൽ കുട്ടികളെ ജോലി ചെയ്യിപ്പിക്കുന്നതായി കണ്ടെത്തിയിട്ടില്ല. എന്നാൽ ബാലവേല നിയമം മൂലം നിരോധിക്കപ്പെട്ടിട്ടില്ലാത്ത ഹോട്ടൽ തുടങ്ങിയ മേഖലകളിലാണ് സംസ്ഥാനത്ത് കുട്ടികളെ ജോലി ചെയ്യിപ്പിക്കുന്നതായി കണ്ടുവരുന്നത്. ഇവർക്ക് വിദ്യാഭ്യാസം നൽകി പുനരധിവസിപ്പിക്കുന്നതിനുംമറ്റും സർക്കാരിന് പദ്ധതിയുണ്ട്. കൂടാതെ സംസ്ഥാനം ബാലവേല വിമുക്ത സംസ്ഥാനമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും പരിപാടികളുമായി മുന്നോട്ടുപോകാനും ഉദ്ദേശമുണ്ട്.

(ഡി) ബാലവേല സംബന്ധിച്ച് ബഹു:സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർമാർ ചെയർമാനായും, ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറായും ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫയർ സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ സൊസൈറ്റികൾ മുഖേന ബാലതൊഴിലാളികളുടെ പുനരധിവാസവും ക്ഷേമപ്രവർത്തനങ്ങളും നടത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി 10 ലക്ഷം രൂപ 2001–2002 വർഷം എല്ലാ ജില്ലകളിലുമുള്ള സൊസൈറ്റികൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള പദ്ധതി തുകയിൽ നിന്നും ഇതിനായി 10 ലക്ഷം രൂപ വകയിരുത്താനും ഉദ്ദേശിക്കുന്നു. ഈ സംസ്ഥാനത്തിന്റെ പ്രത്യേകമായ സാഹചര്യങ്ങൾ കണക്കിലെടുത്ത് ബാലതൊഴിലാളികളുടെ പുനരധിവാസ ക്ഷേമപ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത്.

## <u>സഹകരണ മേഖലയിൽ ആശുപത്രികൾ തുടങ്ങുന്നതിന് സഹായം ലഭ്യമാക്കാൻ നടപടി</u>

253. ശ്രീ. കളത്തിൽ അബ്ദുള്ള:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. സി. മൊയിൻകുട്ടി:
ശ്രീ. പി.കെ. അബ്ദു റബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിൽ ആശുപത്രികൾ തുടങ്ങുന്നതിന് എന്തൊക്കെ സഹായം ചെയ്യുമെന്ന് വിശദീകരിക്കാമോ;

(ബി) സഹകരണ ആശുപത്രികൾക്ക് റവന്യൂഭൂമി പതിച്ചുകൊടുക്കുവാൻ സംവിധാനം നിലവിലുണ്ടോ;

(സി) സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ സഹകരണ മേഖലയിൽ തുടങ്ങുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ.എം.വി. രാഘവൻ (സഹകരണവകുപ്പുമന്ത്രി):-**

(എ) സഹകരണ മേഖലയിൽ ആശുപത്രി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ലഭിച്ചാൽ ആയത് സഹകരണനിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി പരിശോധിച്ച് അർഹമാണെങ്കിൽ രജിസ്റ്റർ ചെയ്തു നൽകുന്നതാണ്. ഇപ്പോൾ ആശുപത്രി സഹകരണസംഘങ്ങൾക്ക് താഴെ പറയുന്ന സാമ്പത്തിക സഹായങ്ങൾ നൽകി വരുന്നു.

1. സർക്കാർ ഓഹരി മൂലധനം പരമാവധി 5 ലക്ഷം രൂപ.
2. മരുന്നു വ്യാപാരത്തിന് സർക്കാർ ഓഹരി പരമാവധി 15,000/ രൂപ
3. മരുന്നുവ്യാപാരം നടത്തുന്നതിന് വായ്പ പരമാവധി 15,000/– രൂപ
4. മാനേജേരിയൽ സബ്സിഡി (ലോക്കൽബോഡീസ് മുഖേന)
   1–ാം വർഷം പരമാവധി 30000/– രൂപ
   2–ാം വർഷം പരമാവധി 20000/– രൂപ
   3–ാം വർഷം പരമാവധി 10000/– രൂപ
5. ബിൽഡിംഗ് സബ്സിഡി 10 ലക്ഷം രൂപ
6. ആംബുലൻസ് സബ്സിഡി (ഒരു ആംബുലൻസിന് പരമാവധി 2 ലക്ഷം രൂപവീതം രണ്ട് ആംബുലൻസിന്)
7. ആശുപത്രി നവീകരണത്തിന്/പാരാ മെഡിക്കൽ കോഴ്സ് നടത്തുന്നതിന് പരമാവധി 25 ലക്ഷം രൂപ

(ബി) സംവിധാനം നിലവിലില്ല.

(സി)യും (ഡി)യും  സർക്കാരിന് ഉദ്ദേശമില്ല.

**<u>തെങ്ങ്-മരം കയറ്റത്തൊഴിലാളികളെ ഇൻഷ്വർ ചെയ്യുവാനുള്ള പദ്ധതി</u>**

254. ശ്രീ. ടി.കെ. ദേവകുമാർ:
ശ്രീ. കെ. രാധാകൃഷ്ണൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ.ടി.പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ ംസ്ഥാനത്തെ തെങ്ങ്-മരം കയറ്റത്തൊഴിലാളികളെ മുഴുവൻ ഇൻഷ്വർ ചെയ്യുവാനുള്ള പദ്ധതി സ്തംഭനാവസ്ഥയിലായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാരും നാഷണൽ ഇൻഷ്വറൻസ് കമ്പനികളും ചേർന്ന് ഉണ്ടാക്കിയിട്ടുള്ള പദ്ധതിയുടെ കരാർ വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു;

(സി) കരാറിനു വിരുദ്ധമായി ഇൻഷ്വറൻസ് കമ്പനി പ്രീമിയം ഏകപക്ഷീയമായി വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധമായി അന്വേഷണം നടത്തുകയുണ്ടായോ;

(ഇ) വർദ്ധിച്ച തോതിലുള്ള പ്രീമിയം അടയ്ക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇൻഷ്വറൻസ് പദ്ധതിയുടെ സ്തംഭനാവസ്ഥ പരിഹരിക്കുന്നതിന് തെങ്ങ്-മരംകയറ്റ തൊഴിലാളി സംഘടനാപ്രതിനിധികളെ വിളിച്ച് ചർച്ച ചെയ്യാൻ നടപടി സ്വീകരിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽവകുപ്പുമന്ത്രി):-**

(എ) ഇല്ല.

(ബി) നാഷണൽ ഇൻഷ്വറൻസ് കമ്പനിയുമായി തൊഴിൽവകുപ്പിന് കരാറൊന്നും നിലവിലില്ല. മരംകയറ്റ തൊഴിലാളികൾ ഉൾപ്പെടെയുള്ള കേരളത്തിലെ അസംഘടിത മേഖലകളിലെ തൊഴിലാളികൾക്കുവേണ്ടി ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനിയുമായി, ഒരു തൊഴിലാളിക്ക് 31 രൂപ 50 പൈസ നിരക്കിൽ പ്രീമിയം തുക നിശ്ചയിച്ച് 26.8.00 മുതൽ ഒരു വർഷത്തേക്ക് നിലവിലിരുന്ന പോളിസിയുടെ വ്യവസ്ഥകൾ ഇപ്രകാരമായിരുന്നു. ജോലിസമയത്ത് അപകടം മൂലം മരണം സംഭവിക്കുകയോ അംഗവൈകല്യം ഉണ്ടാകുകയോ ചെയ്യുകയാണെങ്കിൽ അവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് പുറമെ പരുക്കേറ്റവർക്ക് ചികിൽസാചെലവ് നൽകുന്നതിനും പോളിസിയിൽ വ്യവസ്ഥയുണ്ട്.

1. രണ്ടു കണ്ണ്/രണ്ടു കാല്/രണ്ടു കൈ എന്നീ അവയവങ്ങളിൽ ഒരു വിഭാഗത്തിലെ രണ്ടെണ്ണമോ മൂന്നിൽ ഏതെങ്കിലും വിഭാഗങ്ങളിൽപ്പെട്ട രണ്ടെണ്ണമോ നഷ്ടപ്പെട്ടാൽ നഷ്ടപരിഹാരമായി 50,000 രൂപ നൽകുന്നു.
2. ഒരു കണ്ണിന്റെ കാഴ്ചശക്തി/ഒരു കൈകാൽ നഷ്ടപ്പെട്ടാൽ 25,000 രൂപ
3. ഒരു കൈയോ കാലോ പൂർണ്ണമായി ഉപയോഗ്യമല്ലാതായാൽ 25,000 രൂപ
4. അപകടത്താൽ ജോലിചെയ്യാൻ കഴിയാതെ പൂർണ്ണമായ ശാരീരിക അവശത സംഭവിച്ചാൽ 50,000 രൂപ
5. അപകടം മൂലം പരിക്കു പറ്റുന്നവർക്ക് ചികിൽസാ ചെലവോ, 5,000 രൂപയോ ഏതാണോ കുറവ് ആ തുക ചികിത്സാ സഹായമായി നൽകുന്നു.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) തൊഴിൽ വകുപ്പിന്റെ കരാർപ്രകാരം പ്രീമിയം തുക പൂർണ്ണമായും തൊഴിൽവകുപ്പിൽ നിന്നാണ് അടക്കുന്നത്.

(എഫ്) പരിഗണിക്കുന്നതാണ്.